പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നംപർ.104

13.12.2012ൽ
മറുപടിക്ക്

## ഭൂ വിനിയോഗ നിയമം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ഇ.പി.ജയരാജൻ:<br>ശ്രീ.എം.ചന്ദ്രൻ :<br>ശ്രീമതി.പി.ആയിഷാ പോറ്റി :<br>ശ്രീ.സി.കൃഷ്ണൻ : | | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂ വകുപ്പു മന്ത്രി) |
| (എ) ഭൂ വിനിയോഗ നിയമത്തിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;<br><br>(ബി) പുതിയ നിയമ നിർമ്മാണത്തിന്റെ പ്രധാന ഉദ്ദേശ്യമെന്താണെന്നറിയിക്കാമോ; | (എ) & (ബി) | 16-10-2012 ൽ ബഹു.ധനകാര്യ വകുപ്പു മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ സംസ്ഥാനത്ത് നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് ഉതകുന്ന തരത്തിൽ വികസന സൗഹൃദമായ നിയമങ്ങൾ ആവിഷ്കരിക്കുവാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ നിയമ വകുപ്പ് കേരള ഭൂ വിനിയോഗ ബിൽ 2002 ന്റെ കരട് അഭിപ്രായത്തിനായി റവന്യു വകുപ്പിലേക്ക് അയച്ചു തന്നിരുന്നു. |
| (സി) പുതിയ നിർദ്ദേശം നെൽവയലുകളുടെയും നീർത്തടങ്ങളുടേയും നിലനില്പിനെത്തന്നെ ബാധിക്കുമെന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ ;<br><br>(ഡി) ഇതു സംബന്ധിച്ച് നിലവിലുള്ള സംരക്ഷണ നിയമങ്ങൾ, പുതിയ നിയമം നിലവിൽ വരുന്നതോടെ ഇല്ലാതാകുമോ ;<br><br>(ഇ ) ഈ നിയമ ഭേദഗതി സംബന്ധിച്ച് വിവിധ സർക്കാർ വകുപ്പുകൾ തമ്മിൽ ഭിന്നാഭിപ്രായം നിലനിൽക്കുന്നുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ? | (സി), (ഡി) & (ഇ ) | നിയമവകുപ്പ് അയച്ചുതന്ന കേരള ഭൂ വിനിയോഗ ബിൽ 2002 ന്റെ കരട് റവന്യു വകുപ്പ് വിശദമായി പരിശോധിക്കുകയും ഈ വകുപ്പിന്റെ അഭിപ്രായം 31-10-2012 ന് നിയമ വകുപ്പിന് നൽകുകയും ചെയ്തു. ആയത് പ്രകാരം സംസ്ഥാനത്തിന്റെ പാരിസ്ഥിതിക സന്തുലിതാവസ്ഥ നിലനിർത്തുന്നതിനും ഭക്ഷ്യ സുരക്ഷ ഉറപ്പു വരുത്തുന്നതിനും പരമാവധി നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കണമെന്നതാണ് റവന്യു വകുപ്പിന്റെ ലക്ഷ്യമെന്നും ആയതിനാൽ ഭൂ വിനിയോഗ ബില്ലിന്റെ വ്യവസ്ഥകളോട് യോജിക്കുന്നില്ലെന്നും നിയമവകുപ്പിനെ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ